# Deepika

## 18 July 2018

## Kochi, Heavy Rain, Relief Camps

# 54 ദുരിതാശ്വാസ ക്യാമ്പുകളിലായി 4681 പേർ

**• ഇന്നലെ പുതിയതായി 23 ക്യാമ്പുകൾ കൂടി തുറന്നു.**

കൊച്ചി: കനത്ത മഴയെത്തുടർന്ന് ജില്ലയിൽ ദുരിതത്തിലായ മേഖലകളിൽനിന്നു 4681 പേരെ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചതായി കളക്ടർ മുഹമ്മദ് സഫീറുള്ള അറിയിച്ചു. വിവിധ താലൂക്കുകളിലായി 54 ക്യാമ്പുകളാണ് തുറന്നത്. 1489 കുടുംബങ്ങൾ ക്യാമ്പുകളിൽ അഭയം തേടി. ക്യാമ്പുകളിൽ വൈദ്യസഹായം അടക്കം ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ തഹസിൽദാർമാർക്ക് നിർദേശം നൽകിയതായും കളക്ടർ അറിയിച്ചു.

കൊച്ചി താലൂക്കിൽ 421 കുടുംബങ്ങളിലെ 1088 പേരാണ് ആറ് ക്യാമ്പുകളിലായി കഴിയുന്നത്. മൂവാറ്റുപുഴ താലൂക്കിൽ 342 കുടുംബങ്ങളിലെ 1211 പേർ 12 ക്യാമ്പുകളിൽ ഉണ്ട്. കോതമംഗലം താലൂക്കിൽ 44 കുടുംബങ്ങളിലെ 154 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്. പറവൂർ താലൂക്കിൽ 17 ക്യാമ്പുകളിലായി 428 കുടുംബങ്ങളിലെ 1280 പേരെ മാറ്റിപ്പാർപ്പിച്ചു.

ആലുവ താലൂക്കിൽ ആറ് ക്യാമ്പുകളിലായി 116 കുടുംബങ്ങളിലെ 424 പേരാണുള്ളത്. എല്ലാ ക്യാമ്പുകളിലും മെഡിക്കൽ ടീമിന്റെ സേവനം സജ്ജമാക്കിയതായി ജില്ലാ കളക്ടർ അറിയിച്ചു.